# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നം. ജി1 -19631/17 തീയതി- 09.11.2017

## സർക്കുലർ നമ്പർ-31/2017

വിഷയം- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്- വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1. സർക്കാർ വകുപ്പല്ലാത്ത പൊതു അധികാര സ്ഥാപനമായ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡിൽ വിവരാവകാശ നിയമപ്രകാരം വിവരം ലഭ്യമാക്കുന്നതിന് കോർട്ട് ഫീ സ്റ്റാമ്പ് പ്രകാരമുള്ള ഫീസ് സ്വീകരിക്കേണ്ടതില്ല. കൂടാതെ ബി.പി.എൽ കാർഡിന്റെ പകർപ്പ് ഹാജരാക്കുന്ന മുറയ്ക്കോ ഫീസ് അടവാക്കി രേഖ സമർപ്പിക്കുന്ന മുറയ്ക്കോ വിവരം നൽകാവുന്നതാണ്. താഴെ പറയുന്ന രീതിയിലാണ് ഫീസ് സ്വീകരിക്കേണ്ടതാണ്.

   എ)അതത് സംഗതിപ്പോലെ, സംസ്ഥാന പൊതു വിവരാവകാശ ഓഫീസറുടെ/ സംസ്ഥാന അസിസ്റ്റന്റ് പൊതു വിവരാവകാശ ഓഫീസറുടെ ഓഫീസിൽ രസീത് കൈപ്പറ്റി കൊണ്ട് പണമടയ്ക്കുന്നതിലൂടെ.

   ബി)സംസ്ഥാന പൊതു വിവരാവകാശ ഓഫീസർക്ക്/ സംസ്ഥാന അസിസ്റ്റന്റ് പൊതു വിവരാവകാശ ഓഫീസർക്ക് നൽകേണ്ട ഡിമാന്റ് ഡ്രാഫ്റ്റിലൂടെ/ബാങ്കേഴ്സ് ചെക്കിലൂടെ/ പേ ഓർഡറിലൂടെ.

2. അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായോ, ഭാഗികമായോ, അപേക്ഷ ലഭിച്ച സ്ഥാപനത്തെ സംബന്ധിച്ചിട്ടുള്ളതോ, ആ ഓഫീസിൽ ലഭ്യമല്ലാത്തതോ ആയ പക്ഷം, വിവരം ലഭ്യമായ ഓഫീസിലേയ്ക്ക് ടി അപേക്ഷ, ലഭിച്ച തീയതി മുതൽ 5 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതും ടി വിവരം അപേക്ഷകനെ നിർബന്ധമായും രേഖാമൂലം അറിയിച്ചിരിക്കേണ്ടതുമാണ്.

3. തസ്തിക വിന്യാസം, പെൻഷൻ, തസ്തികകളുടെ എണ്ണം, ഒഴിവുകളുടെ എണ്ണം, തസ്തിക റിപ്പോർട്ട് ചെയ്യുന്നതു സംബന്ധിച്ച്, പ്രൊമോഷൻ, സീനിയോറിറ്റി, സർവ്വീസ് കാലഘട്ടം, ട്രാൻസ്ഫർ സംബന്ധിച്ച വിവരങ്ങൾ ബോർഡോഫീസിനെ സംബന്ധിച്ചിട്ടുള്ളതും ടി വിവരങ്ങൾ ബോർഡോഫീസിൽ നിന്നുമാത്രം ലഭ്യമാക്കേണ്ട വിവരങ്ങളാണ്. ആയതു സംബന്ധിച്ച അപേക്ഷകൾ ബോർഡ് ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതും ആ വിവരം ഖണ്ഡിക 2 ൽ പറയുന്ന തരത്തിൽ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

4. വിവരാവകാശ നിയമം 2005 പ്രകാരം അന്വേഷണത്തിന്റേയോ, കുറ്റവാളികളുടെ അറസ്റ്റിന്റേയോ, പ്രോസിക്യൂഷൻ നടപടി ക്രമത്തിനെ തടസ്സപ്പെടുത്തുമെന്നുള്ള വിവരങ്ങളും നൽകേണ്ടതില്ല.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും, ലംഘിക്കാൻ പാടില്ലാത്തതുമാണെന്ന് കർശന നിർദ്ദേശം നൽകുന്നു.

(ഒപ്പ്)
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും

പകർപ്പ്

ഫിനാൻസ് ഓഫീസർ/സെക്രട്ടറി
അക്കൗണ്ട്സ് ഓഫീസർ (ഡബ്ലിയു &ഇ) (പി& എ) (ഐ&എ) (സ്കാറ്റേർഡ്)
ജെ.എസ്( ഫിനാൻസ്, ഓഡിറ്റ്, ക്യാഷ്, വെൽഫെയർ)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്